ശ്രീ. കെ. ആർ. ഇലങ്കത്തു് : തിരുവിതാംകൂറിലുള്ള എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളവും കൊച്ചിയിലുള്ളവരുടേയും ശമ്പളങ്ങൾക്കു് വളരെ വ്യത്യാസം ഉണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിയാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : അവരുടെ ശമ്പളങ്ങൾ ഏകീകരിക്കുന്നതിനു് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചിക്കുന്നതാണു്.

ശ്രീ. സി. വി. ഐയ്യ : കൊച്ചിക്കാരായ പല പോലീസുദ്യോഗസ്ഥന്മാരുടേയും മകളിൽ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെ പ്രേമോട്ട ചെയ്തിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതേസംബന്ധിച്ചു പത്തുപന്ത്രണ്ടു് ചോദ്യങ്ങൾ ഉണ്ടു്. അവയ്ക്കു മറുപടിയായി മറുപടി പറയുന്നതാണു്.

ശ്രീ. സി. വി. ഐയ്യ : സംയോജനത്തിനുശേഷം പോലീസു ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാർക്കു ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : രൂപായിമാർക്കും ഹെഡ്കാൻസ്റ്റെബിളിനും ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചനയുണ്ടു്.

ശ്രീ. സി. വി. ഐയ്യ : ഈ പോലീസ് ഡിപ്പാർട്ടുമെണ്ടുപരിഷ്കരണത്തിന്റെ ഫലമായി കൊച്ചിക്കാരുടെ മീതെ തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരെ കയറ്റി വച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആരുടേയും മീതെ കയറ്റിയിട്ടില്ല. (ചിരി)

തിരുവിതാംകൂർ കൊച്ചി വക വിമാനം.

*വ്യൻ. (ഴ) ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു–കൊച്ചി സ്റ്റേറ്റു് ഗവൺമെണ്ടുവകയായി വിമാനം ഉണ്ടോ;

(ബി) തിരു–കൊച്ചി ഗവൺമെണ്ടു മുതൽ വിമാന സർവ്വീസു് ഇടങ്ങുവാൻ ആലോചിക്കുന്നുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ഇല്ല.

(ബി) ഇല്ല.

പബ്ലിക്കു് സർവ്വീസു് ചട്ടങ്ങളുടെ ഭേദഗതി.

*വ്യ ൧. (ഇ) ശ്രീ. വി. കെ. വല്ലീസ്. താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു് താല്പര്യമുണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly